സംസ്ഥാനത്തിന്റെ മൊത്ത നികുതി വരുമാനത്തിന്റെ 3.5 ശതമാനം പൊതു ആവശ്യ ഗ്രാന്റായിട്ടും 5.5 ശതമാനം മെയിന്റനൻസ് ഗ്രാന്റായിട്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ഈ ഗ്രാന്റുകൾ വിനിയോഗിക്കുന്നതിനുള്ള അധികാരവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയുണ്ടായി.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സ്ഥാപനങ്ങളുടെ വസ്തുവകകളിൽനിന്നുള്ള വരുമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള അധികാരവും നൽകിയിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 1995-ലാണ് ഏറ്റവും കൂടുതൽ അധികാരങ്ങൾ കൈമാറിയിട്ടുള്ളത്. അതിനുശേഷം മുൻസർക്കാർ പ്രധാനമായും താഴെ പറയുന്ന അധികാരങ്ങളാണ് കൈമാറിയത്:

1. താഴെത്തട്ടിൽ പദ്ധതികൾക്ക് രൂപം നൽകി നടപ്പാക്കാനുള്ള അധികാരം, ഉദ്യോഗസ്ഥന്മാരുടെ മേലുള്ള നിയന്ത്രണാധികാരം.

2. ജില്ലാ പഞ്ചായത്തുകൾക്ക് ജില്ലാതല സ്ഥാപനങ്ങളെയും ഉദ്യോഗസ്ഥരെയും കൈമാറിയിട്ടുണ്ട്.

3. സാമൂഹ്യസുരക്ഷാ പെൻഷനുകൾക്കുള്ള അപേക്ഷ സ്വീകരിക്കാനും അനുവദിയ്ക്കാനുമുള്ള അധികാരം.

4. 34-ഓളം ആക്ടുകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്ഥാനം നൽകി ഭേദഗതി വരുത്തിയിട്ടുണ്ട്.

(സി ആന്റ് ഡി) പ്രസ്തുത അധികാരങ്ങൾ ഒന്നും തിരിച്ചെടുത്തിട്ടില്ല. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിരുന്ന 'മറ്റ് ജില്ലാതല റോഡുകൾ' പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. ഇറിഗേഷൻ ആക്ടിലെ 'മൈനർ ഇറിഗേഷന്റെ' നിർവചനത്തിൽ വ്യത്യാസം വന്നതിനാൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കാവുന്ന ജലസേചന പദ്ധതികളുടെ പരിധിയിൽ കുറവു വന്നിട്ടുണ്ട്.

(ഇ) പദ്ധതി വിഹിതം അനുവദിയ്ക്കുന്നത് ബഡ്ജറ്റ് നിർദ്ദേശത്തിലെ അനുബന്ധം 4 പ്രകാരവും ചെലവഴിക്കുന്നത് 31-3-2004-ലെ ജി.ഒ.(എം.എസ്.) നമ്പർ 40/2004/പ്ലാനിംഗ് ഉത്തരവു പ്രകാരവും ആണ്.

സുനാമി ദുരന്തത്തിൽപ്പെട്ടവരെ സഹായിക്കുവാൻ കർമ്മ പദ്ധതി

* 15 [14] ശ്രീ. സ്റ്റീഫൻ ജോർജ്:

„ തോമസ് ഉണ്ണിയാടൻ:

„ ജോസഫ് എം. പുതുശ്ശേരി:

„ ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തിൽപ്പെട്ടവരെ സഹായിക്കുവാൻ എന്തൊക്കെ കർമ്മ പദ്ധതികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇക്കാര്യത്തിൽ കേന്ദ്ര-സംസ്ഥാന ഏജൻസികളേയും സർക്കാരിതര ഏജൻസികളേയും ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു ക്രൈസിസ് മാനേജ്മെന്റ് കൗൺസിൽ രൂപീകരിക്കുവാനുള്ള നടപടി സ്വീകരിക്കുമോ;

(സി) സുനാമി സാധ്യത സംബന്ധിച്ചുള്ള പഠനങ്ങൾ നടത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) സുനാമി ദുരന്തത്തെ തുടർന്നുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലും പുനരധിവാസ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലുമാണ്. ദുരന്തത്തെതുടർന്ന് വീട് നഷ്ടപ്പെട്ടവരിൽ പലരും ഇപ്പോഴും ദുരിതാശ്വാസ ക്യാമ്പുകളിൽ താമസിക്കുന്നു. അവരെ താൽക്കാലിക ഭവനങ്ങൾ നിർമ്മിച്ച് 2005 ഫെബ്രുവരി 15-ഓടുകൂടി മാറ്റാനാണ് ഉദ്ദേശിക്കുന്നത്. സ്ഥിരമായ വീടുകൾ 2005 മേയ് 15-നോടുകൂടി പൂർത്തിയാക്കാൻ സാധിക്കുമെന്ന് കരുതുന്നു.

(ബി) ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ ഉന്നത ഉദ്യോഗസ്ഥർ അടങ്ങുന്ന 'ഒരു ഡിസാറ്റർ മാനേജ്മെന്റ് അതോറിട്ടി' ഇപ്പോൾ നിലവിലുണ്ട്. സർക്കാരിതര ഏജൻസികളെയും, കേന്ദ്ര-സംസ്ഥാന ഏജൻസികളെയും ഉൾപ്പെടുത്തി ഒരു ക്രൈസിസ് മാനേജ്മെന്റ് കൗൺസിൽ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലില്ല.

(സി) ഡോ. എ. ഇ. മുത്തുനായകം, പ്രിൻസിപ്പൽ സെക്രട്ടറി, സയൻസ്, ടെക്നോളജി ആന്റ് എൻവയോൺമെന്റ് ചെയർമാനായി ശാസ്ത്രജ്ഞന്മാരുടെ ഒരു സമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

വിദേശ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികൾ

* 16 [16] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:

„ പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ വിദേശ സഹായത്തോടെ നടപ്പാക്കുന്ന ഏതെല്ലാം പദ്ധതികളാണ് ഇപ്പോൾ ഉള്ളത്;

(ബി) ഇവയുടെ ഏകീകരണത്തിന് മേൽനോട്ടത്തിനും എന്തൊക്കെ സംവിധാനങ്ങളാണ് ഉള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ പരിപാടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly